ST. THOMAS H.S MARANGATTUPILLY
Lead Kindly Light

# മഴവില്ലഴക്



## ലിറ്റിൽ കൈറ്റ്സ്

## സെന്റ് തോമസ് ഹൈസ്ക്കൂൾ മരങ്ങാട്ടുപിള്ളി



# ആശംസ

സെന്റ് തോമസ് കുടുംബത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന “ മഴവില്ലഴക് “ എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ചിന്തയും ഭാവനയും സർഗ്ഗശേഷികളും സമ്മേളിക്കുന്ന ഈ മാസിക മികച്ച നിലവാരത്തിൽ തയ്യാറാക്കാൻ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സ്നേഹപൂർവ്വം,

സണ്ണി.സി.എ
ഹെഡ്മാസ്റ്റർ


# എഡിറ്റോറിയൽ

മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്ന ' മഴവില്ലഴക് ' എന്ന ഡിജിറ്റൽ മാഗസിനിൽ കഥ , ലേഖനം, കവിത തുടങ്ങിയ കുട്ടികളുടെ സ്വന്തം സൃഷ്ടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികൾ വരച്ച ചിത്രങ്ങളും കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ രചനയിലും ഡിസൈനിംഗിലും സഹകരിച്ച എല്ലാവർക്കും നന്ദി.

**ലിറ്റിൽ കൈറ്റ്സ് ടീം**

**2022-2025 Batch**

**സെന്റ് തോമസ് ഹൈസ്കൂൾ,മരങ്ങാട്ടുപിള്ളി**



# താളുകൾ മറിക്കുമ്പോൾ


ഞങ്ങളുടെ സ്കൂൾ ........................................ 4

*Sky Painter* ........................................ 6

ഞങ്ങളുടെ പഠന യാത്ര ................................ 7

ലഹരി എന്ന വിപത്ത് ................................ 9

തിരിച്ചറിവ് ................................................ 10

ശലഭങ്ങൾ ................................................ 12

ഇത് എന്റെ കഥ ഒരു പക്ഷേ നിങ്ങളുടെയും .... 13

ചുമ ........................................................ 15

*Wonderful Nature* .................................. 16

# സെന്റ് തോമസ്സ് എച്ച്.എസ്
# മരങ്ങാട്ടുപിള്ളി




കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മരങ്ങാട്ടുപിള്ളി എന്ന പ്രശാന്തസുന്ദരമായ ഗ്രാമത്തിലാണ് എയിഡഡ് വിഭാഗത്തിൽപ്പെട്ട ഈ സ്ക്കുൾ സ്ഥിതി ചെയ്യുന്നത്.

## ചരിത്രം

മരങ്ങാട്ടുപിള്ളിയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് സെന്റ് തോമസ് സ്കൂൾ. ഇവിടുത്തെ നല്ലവരായ നാട്ടുകാരുടെയും ഇവിടെ സേവനം ചെയ്ത



വൈദികരുടെയും കഠിനാദ്ധ്വാനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഫലമാണ് ഈ സരസ്വതിക്ഷേത്രം. 1920–ൽ എൽ.പി.സ്ക്കുൾ സ്ഥാപിച്ചു. വിദ്യാഭ്യാസ പുരോഗതിക്ക് വഴിതെളിച്ച ഈ സ്ഥാപനം 1948–ൽ മിഡിൽ സ്ക്കുളായി ഉയർത്തി. 1951–ൽ ഹൈസ്ക്കുൾ നിലവിൽ വന്നു.

1954–ൽ .എസ് .എസ്.എൽ.സി ആദ്യ ബാച്ച്പുറത്തിറങ്ങി. പ്രഥമ ഹെഡ്മാസ്റ്ററായി റവ.ഫാ.റ്റി.കെ.എബ്രാഹം തൊണ്ടിയ്ക്കൽ നിയമിതനായി. നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന് ഹേതുഭൂതമായ ഈ സരസ്വതി ക്ഷേത്രത്തിൽ നിന്ന് വിജ്ഞാനമാർജ്ജിച്ച് തലമുറകൾ ജീവിതത്തിന്റെ വിവിധ കർമ്മമണ്ഡലങ്ങളിൽ വ്യക്തി മുദ്രപതിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കലാപരവും കായികപരവും ആദ്ധ്യാത്മികവുമായ വികാസത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ വിദ്യാലയം ശിക്ഷണത്തിലും വിജയത്തിലും ഉന്നതനിലവാരം പുലർത്തുന്നു . അറിവിന്റെയും സംസ്കാരത്തിന്റെയും പ്രകാശം ചൊരിയുവാൻ കഠിനദ്ധ്വാനം ചെയ്ത പൂർവികരുടെ സ്മരണകൾ നമുക്ക് പുതുചൈതന്യം പകരട്ടെ.

## ഭൗതികസൗകര്യങ്ങൾ

നാലര ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്ക്കുളിന് 2 കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളുമുണ്ട്.വിശാലമായ ഗ്രൗണ്ടും മനോഹരവുമായ ബാസ്കറ്റ്ബോൾ കോർട്ടും സ്കൂളിനോടനുബന്ധിച്ചുണ്ട്.



ആധുനിക ലോകത്തിന്റെ വൈജ്ഞാനികതലത്തോട് ബന്ധപ്പെടുക എന്ന ലക്ഷ്യത്തോടെ 2000–ൽ ഒരു കംപ്യൂട്ടർ ലാബ് സ്ഥാപിച്ചു. ഇപ്പോൾ ബ്രോഡ് ബാന്റ് ഇന്റർനെറ്റ്

സൗകര്യങ്ങളോടുകൂടിയ 21 കംപ്യൂട്ടർകൾ ലാബിൽ ഉണ്ട്. ഇന്ററാക്ടീവ് മൾട്ടിമീഡിയ ഹാൾ,സയൻസ് ലാബ്,ലൈബ്രറി എന്നിവയും വിദ്യാലയത്തിലുണ്ട്.ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എല്ലാ ക്ലാസുമുറികളും സ്മാർട്ട് ക്ലാസുകളാക്കിയിട്ടുണ്ട്.

## മാനേജ്മെന്റ്

സീറോ മലബാർ സഭയിലെ പാലാ രൂപതയുടെ കീഴിലുള്ള പാലാ കോർപറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. രൂപതയിലെ മരങ്ങാട്ടുപിള്ളി ഇടവക വിദ്യാലയത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവഹിക്കുന്നു. റവ. ഫാ.ജോസഫ് ഞാറക്കാട്ടിൽ ലോക്കൽ മാനേജരായി പ്രവർത്തിക്കുന്നു.



## സ്റ്റാഫ് &സ്റ്റുഡന്റ്സ്

5മുതൽ 10 വരെ ക്ലാസുകളിലായി 238 ആൺകുട്ടികളും 196പെൺകുട്ടികളും ഉൾപ്പടെ 434 വിദ്യാർത്ഥികൾ ഇപ്പോൾ ഈ സ്കൂളിൽ വിദ്യ അഭ്യസിച്ച വരുന്നു. പ്രധാനാധ്യാപകനായ ശ്രീ. സണ്ണി സി.എ യുടെ നേതൃത്വത്തിൽ 20അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.





## പി.റ്റി.എ

ശ്രീ. ഷാജി കൊല്ലി തടത്തിന്റെ നേതൃത്വത്തിൽ ശക്തമായ പി.റ്റി.എയുടെ പിന്തുണ എല്ലാ കാര്യങ്ങളിലും സ്കൂളിന് എപ്പോഴും ലഭിച്ച കൊണ്ടിരിക്കുന്നു. എം.പി.റ്റി.എയും സജീവമായി സഹകരിക്കുന്നു.



## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- ലിറ്റിൽ കൈറ്റ്സ്
- ജൂണിയർ റെഡ് ക്രോസ്
- നേച്ചർക്ലബ്
- ലഹരി വിരുദ്ധ ക്ലബ്
- ബയോഡൈവേഴ്സിറ്റി ക്ലബ്
- ടീൻസ് ക്ലബ്
- ഡയറി ക്ലബ്
- വിദ്യാരംഗം കലാ സാഹിത്യ വേദി
- മറ്റ് ക്ലബ്ബ് പ്രവർത്തനങ്ങൾ.

## നേട്ടങ്ങൾ

പഠന രംഗത്തും കലാ-ശാസ്ത്ര-കാർഷിക രംഗങ്ങളിലും സ്കൂൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. ഇൻസ്പയർ അവാർഡ്, എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും ഒന്നാം സ്ഥാനം നേടി ദേശിയ തലത്തിലും സംസ്ഥാന തലത്തിലും അഭിമാനാർഹമായ നേട്ടം കൈവരിക്കുകയും ചെയ്തു. കാരാട്ടേ, പ്രവർത്തിപരിചയ മേള, ശാസ്ത്രമേള, സോഷ്യൽ സയൻസ് മേള എന്നിവയിലും സംസ്ഥാന തലത്തിൽ കുട്ടികൾക്ക് അംഗീകാരം ലഭിച്ചു.













## ലിറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബ്


ഹൈടെക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് നമ്മുടെ സ്കൂളിലും സജീവമായി പ്രവർത്തിക്കുന്നു. ആനിമേഷൻ, പ്രോഗ്രാമിങ്, റോബോട്ടിക്സ് , ഗ്രാഫിക്സ് , ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വീഡിയോ - ഓഡിയോ എഡിറ്റിംങ്, ഡി.റ്റി. പി എന്നിവയിൽ പരിശീലനം നേടുന്നതിനോടൊപ്പം ഐ.ടി ഉപകരണങ്ങളുടെ മേൽനോട്ടവും പരിപാലനവും, സ്കൂൾ തല പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ തുടങ്ങിയവയും ക്ലബ് അംഗങ്ങൾ നടത്തി വരുന്നു. ഫ്രീഡം ഫെസ്റ്റ് എക്സിബിഷൻ, മാതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം, ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം എന്നിവ ഈ വർഷം നടത്തിയ മികവാർന്ന പ്രവർത്തനങ്ങളാണ്. മൂന്നു ബാച്ചുകളിലായി 92 കുട്ടികൾ അംഗങ്ങളായി പ്രവർത്തിക്കുന്നു. ആനിമേഷൻ വിഭാഗത്തിൽ ക്രിസ്ജോ ജയ്സൺ ജില്ലാ തലത്തിലേക്കു തിരഞ്ഞെടുക്കപ്പെടുകയും സബ് ജില്ലയിൽ ജെറോം കെ ജയ്സൺ മൂന്നാം സ്ഥാനം നേടുകയും ചെയ്തു.





# Sky Painter

The sky is painted
with somany colours
Drops of water with sunlight
Make the signature of God
A magic to the eyes
of children forever
A RAINBOW makes
The Sky a world of beauty



**Sebreena Sivy**
**9 A**



# ഞങ്ങളുടെ പഠന യാത്ര

### യാത്രാവിവരണം

ഞങ്ങളുടെ അധ്യാപകരും കൂട്ടുകാരും ബുധനാഴ്ച ഞങ്ങളുടെ സ്കൂളിൽ നിന്നും പഠനയാത്ര പുലർച്ചെ അഞ്ചു മണിയോടുകൂടി ആരംഭിച്ചു. 9 മണിയോടുകൂടി പ്രഭാത ഭക്ഷണം കഴിച്ചു. ആദ്യം ഞങ്ങൾ പോയത് ടിപ്പുവിന്റെ കോട്ട എന്നറിയപ്പെടുന്ന പാലക്കാട് കോട്ടയിലേക്ക് ആണ്. മനോഹരമായി സംരക്ഷിക്കപ്പെടുന്ന ഒരു ചരിത്രസ്മാരകമാണ് ഇത്. എതിരാളി പുനർ നിർമ്മിച്ച ഈ കോട്ട ബ്രിട്ടീഷ് അധിനിവേശം വരെയും മൈസൂർ രാജാക്കന്മാരുടെ കൈയിലായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് സർക്കാർ ഭരണകേന്ദ്രമായി




മാറിയെന്നും ഷിനു സാർ പറഞ്ഞു. ഉച്ച ഭക്ഷണം കഴിച്ച് മലമ്പുഴയിലേക്ക് യാത്ര തിരിച്ചു.

രണ്ടുമണിക്ക് മലമ്പുഴ അണക്കെട്ട് കാണാനും പൂന്തോട്ടത്തിൽ പോകാനും സ്നേക്ക് പാർക്ക് കാണാനും ആയി ഞങ്ങൾ അവിടെയെത്തി. അണക്കെട്ടിന്റെ ഒരു വശത്ത് വിശാലമായ പ്രകൃതിയുള്ള പ്രദേശമാണ് മലമ്പുഴ ഉദ്യാനം. ധാരാളം പുൽത്തകടികൾ ഉള്ള ഇത് പച്ചപ്പ് നിറഞ്ഞതാണ്. ചതുരാകൃതിയിലും വൃത്ത ആകൃതിയിലും നിർമ്മിച്ചിരിക്കുന്ന പ്രദേശങ്ങൾ ഉള്ള ഒരു ചിട്ടയായ ലേഔട്ട് ഇത് പിന്തുടരുന്നു. മലമ്പുഴ യക്ഷി എന്ന ശിൽപം പൂന്തോട്ടത്തിന് വേറിട്ട ചാരുത നൽകുന്നു. മറ്റു നിരവധി പ്രതിമകളും ഇവിടെയുണ്ട്. പൂന്തോട്ടത്തിൽ ഒരു നീന്തൽ കുളം ഉണ്ട്. കനാലിന് കുറുകെയുള്ള രണ്ടു തൂക്കുപാലങ്ങൾക്ക് മുകളിലൂടെ നടക്കുമ്പോൾ അത് ആടിയുലയുമ്പോൾ കുറച്ച് ആവേശം നൽകുന്നു.

റോപ് വേയിലിരുന്ന് പൂന്തോട്ടത്തിന്റെ മനോഹരമായ കാഴ്ച ആസ്വദിക്കാം. ആദ്യം പേടി തോന്നിയെങ്കിലും പിന്നെ ഇറങ്ങാനേ തോന്നിയില്ല. മലമ്പുഴ റോക്ക് ഗാർഡൻ ഒരു നവ്യാനുഭവം നൽകുന്നു. പ്രാഥമികമായി പാറയിൽ നിർമ്മിച്ച ധാരാളം കലാസൃഷ്ടികൾ ഇവിടെയുണ്ട്. മറ്റു വസ്തുക്കൾ പൊതുവേ പാഴ് വസ്തുക്കളായി കണക്കാക്കപ്പെടുന്നവയാണ്. ഏഴുമണിക്ക് ഞങ്ങൾ പ്രാർത്ഥിക്കുകയും, ഏഴ് മുപ്പതിനോട് കൂടി അത്താഴം കഴിഞ്ഞ് എട്ടുമണിയോടുകൂടി അവിടെനിന്ന് ഊട്ടിയിലേക്ക് പുറപ്പെട്ടു. ബസ് യാത്രയും വളരെ രസകരമായിരുന്നു. രാത്രിയോടു കൂടി ഞങ്ങൾ ഹോട്ടലിൽ എത്തി. അവിടെ രാത്രി താമസിച്ചു.

രാവിലെ ഊട്ടിയിലെ അതിമനോഹരമായ കാഴ്ചകൾ കാണാനായി തിരിച്ചു. ഊട്ടി തമിഴ്നാട്ടിലെ ഒരു മലയോരപട്ടണവും നഗരസഭയും ഒക്കെയാണ്. കിഴക്കൻ മാനത്ത് വെളിച്ചം പരക്കുന്ന മനോഹരമായ ദൃശ്യം ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് നിന്ന് കാണാൻ കഴിഞ്ഞു. നേരിട്ട് കാണുമ്പോഴാണ് ആ




മനോഹാരിത മുഴുവൻ ആസ്വദിക്കാൻ പറ്റുക. വല്ലാതെ ഭ്രമിച്ചു പോകുന്ന പ്രകൃതി ദൃശ്യങ്ങൾ. പച്ചപരവതാനി വിരിച്ച പോലെ മൊട്ട കുന്നുകളും. ഇതിലൂടെ നടന്നപ്പോൾ തലേന്നത്തെ യാത്രാ ക്ഷീണവും ഉറക്കക്ഷീണവും പമ്പ കടന്നു. തണുത്ത കാറ്റ് നേരിയതോതിൽ വീശുന്നുണ്ടായിരുന്നു

അൽപസമയത്തിനുശേഷം ഇളം വെയിൽ വന്നപ്പോൾ സുഖപ്രദമായ ഒരു അന്തരീക്ഷം .അവിടെ നിന്നും ഇറങ്ങിപ്പോരാൻ മനസ്സ് സമ്മതിക്കുന്നില്ലായിരുന്നു. നീലഗിരി കുന്നുകളുടെ മനോഹാരിത ആവോളം ആസ്വദിച്ചു



കൊണ്ട് യാത്ര തുടർന്നു.

ചെരിവുകൾ തട്ടുകൾ ആയി തിരിച്ച് ക്യാരറ്റ്, ബീറ്റ് റൂട്ട്, കോളിഫ്ലവർ, ക്യാബേജ് തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്തിരിക്കുന്നത് കാണാൻ തന്നെ അതീവ ഭംഗിയാണ് കൂടെ ഉയരം കുറഞ്ഞ വീടുകൾ കുന്നുകളെ നോവിക്കാതെ അടുക്കടുക്കായി വിവിധ വർണ്ണങ്ങളിൽ നിലകൊള്ളുന്നതും കാഴ്ചയുടെ ആസ്വാദനം വർദ്ധിപ്പിക്കുന്നു. കഴിച്ചാലും ഇല്ലാത്ത ഒരിഞ്ച് സ്ഥലം പോലും ഇവിടെ ഇല്ല എന്നതാണ് സത്യം. ഊട്ടിയിലെ ഏറ്റവും മനോഹരമായ കാഴ്ചകൾ സമ്മാനിക്കുന്ന ഇടങ്ങളിൽ ഒന്നാണ് നീലഗിരി മലകൾക്ക് താഴെയായി സ്ഥിതി ചെയ്യുന്ന ഊട്ടി തടാകം.പച്ചപ്പിനാൽ പൊതിഞ്ഞു നിൽക്കുന്ന ഇടമാണ് ഇത്.

ഊട്ടിയിലെ ബോട്ടാണിക്കൽ ഗാർഡൻ



ഏക്കറകളോളം വരുന്ന കണ്ണിനു കുളിർമയേകുന്ന ഒരു ഉദ്യാനമാണ്. ഇന്ത്യയിലെ തന്നെ വിരളമായ ചെടികൾ ഇവിടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പുല്ലുകളും ചെടികളും വളരെ ശ്രദ്ധയോടെ പരിപാലിക്കപ്പെടുന്നു. മെയ് മാസത്തിൽ നടക്കുന്ന പുഷ്പഫല സസ്യപ്രദർശനം ഇവിടെ പ്രശസ്തമാണ്. തമിഴ്നാട്ടിലെ ഹോർട്ടികൾച്ചർ വിഭാഗമാണ് ഇത് സംരക്ഷിക്കുന്നത്.

മെയിൻ റോഡുകളിൽ ഓരോ കിലോമീറ്റർ വേസ്റ്റ് ബിന്നുകൾ വെച്ചിരിക്കുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അടുത്ത ഒരു പ്രധാന സ്ഥലമായ തേയില ഫാക്ടറിയിലേക്ക് പോയി. തേയില കൊളുന്ത് നുള്ളുന്നത് മുതൽ അത് തേയിലപ്പൊടി ആകുന്നത് വരെയുള്ള പ്രക്രിയകൾ അവർ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. യന്ത്രങ്ങളുടെ സഹായത്താൽ എങ്ങനെ ഈ പ്രവർത്തനം നടക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. ഇതുകൂടാതെ കൊക്കോയിൽ നിന്നും ചോക്ലേറ്റ് നിർമ്മിക്കുന്നത് എങ്ങനെയെന്നും ഇവിടെ കാണാവുന്നതാണ്. വിവിധയിനം ചായപ്പൊടികളും ചോക്ലേറ്റും വാങ്ങി കുറച്ച് സമയം അവിടെ തങ്ങി ഞങ്ങൾ അവിടെ നിന്നും തിരിച്ചിറങ്ങി.




ഊട്ടിയിലെ ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് ക്യാമ്പ് ഫയർ കഴിഞ്ഞ് രാത്രി താഴവും കഴിഞ്ഞു ഊട്ടിയിൽ നിന്ന് തിരിച്ച് വീട്ടിലേക്ക് പുറപ്പെട്ടു. പിറ്റേന്ന് വെളുപ്പിനെ ഞങ്ങൾ വീട്ടിൽ എത്തി. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും മനസ്സിന് സന്തോഷം തോന്നിയതും മലമ്പുഴ ഡാമിലേ കാഴ്ചയും ക്യാമ്പ് ഫയറും ആയിരുന്നു എൻറെ കൂട്ടുകാരും അധ്യാപകരും ഏറ്റവും ഇഷ്ടപ്പെട്ടതും ആസ്വദിച്ചതും ക്യാമ്പ് ഫയർ തന്നെയായിരുന്നു.



**മിന്നു ബിനു**
**9 A**

# ലഹരിഎന്ന വിപത്ത്

അഭിവന്ദ്യ സുരേഷ്
9A



ഇന്നത്തെ സമൂഹത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം തന്നെയാണ് ലഹരി.

ഒരു രാജ്യത്തിന്റെ ഭാവി തകർക്കുംവിധം അവിടുത്തെ കുട്ടികളിൽ കണ്ടുവരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം. എന്നാൽ കുട്ടികളിൽ അതിനുള്ള സാധ്യത വളരെ കുറവാണ്.

കുടുംബ വഴക്ക് , കൂട്ടുകെട്ടുകൾ , ചുറ്റുമുള്ളവരോടുള്ള വാശി , പഠനത്തോടുള്ള പേടി ഇവയൊക്കെയാവാം ഒരുപക്ഷേ അവരെ ലഹരിക്ക് അടിമകളാക്കുന്നത്.



നമ്മുടെ സംസ്ഥാനം സാക്ഷരതയിലും ആരോഗ്യ പരിപാലനത്തിലും ഇന്ത്യയിലെ തന്നെ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു എന്ന് അഭിമാനിക്കുമ്പോൾ മദ്യം , ലഹരി വസ്തുക്കളുടെ ഉപയോഗം എന്നതിലും സംസ്ഥാനത്തിന്റെ സ്ഥാനം ഒന്നാമത് തന്നെയാണ്.

മൂന്നു പതിറ്റാണ്ടുമുമ്പ് വരെ. ഡ്രഗ് എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് ജീവൻ രക്ഷ ഉപാധികൾ ആയിരുന്നു . ഇളം തലമുറയെ വിടരുന്നതിന് മുമ്പ് തന്നെ തല്ലിക്കൊഴിക്കാൻ ഹെൽപ്പുള്ള മയക്ക മരുന്ന് തന്നെയാണ് ഇന്ന് നാം ഡ്രഗ് എന്ന് ഓമനപ്പേര് നൽകി വിളിക്കുന്നത് എന്നത് വിരോധാഭാസമാണ്.

നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ വിപത്തിന്റെ നീരാളി പിടിയിൽ ഭാവിയുടെ പ്രതീക്ഷകൾ ആകേണ്ട വിദ്യാർത്ഥികളും ഉൾപ്പെടുന്നു എന്ന ഭീകരാവസ്ഥയ്ക്ക് മുമ്പിൽ പകച്ചു നിൽക്കുകയാണ് ഇന്ന് നാം. വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ വന്ന വർദ്ധനവ് ഇതിനുള്ള ഉത്തമ ദൃഷ്ടാന്തമാണ്. ലഹരി പദാർത്ഥങ്ങളെ പൊതുവായി പുകയില, മദ്യം, മയക്കുമരുന്ന് എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇന്ന് പുകയില കഞ്ചാവ് തുടങ്ങിയവയിൽ നിന്നുള്ള വിവിധതരം ഉൽപ്പന്നങ്ങളും മയക്ക ഗുളികകളും കുത്തിവെയ്പ് മരുന്നുകളും സ്റ്റിക്കർ രൂപത്തിലുള്ള എൽ എസ് ഡി സ്റ്റാമ്പുകളും അടങ്ങിയതാണ് ലഹരിയുടെ സാമ്രാജ്യം. ഇതിനു പുറമേ ചില മരുന്നു വിൽപ്പന ശാലകൾ ലഹരിക്കായി ഉപയോഗം ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്തുന്നതായി എക്സൈസും ഡ്രഗ് കൺട്രോൾ വകുപ്പും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## ലഹരി ഉപയോഗം എങ്ങനെ തടയാം

1. കുട്ടികൾ വീടുകളിൽ നിന്ന് കള്ളം പറഞ്ഞ് പണം വാങ്ങിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

2. കുട്ടികളുടെ പെരുമാറ്റത്തിൽ വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കൾ കർശനമായ വിലക്ക് നൽകുക.

3. കുട്ടികൾ കൃത്യസമയത്ത് വീടുകളിൽ എത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

* * * * *

കഥ

# തിരിച്ചറിവ്

ഒരിക്കൽ ഒരിടത്ത് ഒരു മകളും ഒരു മുത്തശ്ശിയും ഉണ്ടായിരുന്നു മകളുടെ പേര് ജൂലിയറ്റ് എന്നായിരുന്നു അവർ വളരെ സ്നേഹത്തിൽ ആയിരുന്നു ജീവിച്ചിരുന്നത് അത് പണ്ടായിരുന്നു പക്ഷേ അങ്ങനെ അവൾ ഒരു വലിയ സമ്പന്നനെ വിവാഹം കഴിച്ചു അന്നുമുതൽ അവൾ സമ്പന്നയായി ജീവിക്കാൻ ആഗ്രഹിച്ചു അവളുടെ കൂടെയായിരുന്നു മുത്തശ്ശി താമസിച്ചിരുന്നത് താൻ സ്വസ്ഥമായ കുടുംബജീവിതം അവൾ പാടെ മറന്നു പിന്നീട് അവൾ മുത്തശ്ശിയെ അനാഥ ആലയത്തിൽ കൊണ്ടുപോയി വിടാൻ തീരുമാനിച്ചു ആദ്യം അവൾ മുത്തശ്ശിയോട് പറഞ്ഞു, നമുക്ക് പുറത്തുവരെ പോയിട്ട് വരാം എന്ന് അപ്പോൾ മുത്തശ്ശി സന്തോഷത്തോടെ പറഞ്ഞു അതിനെന്താ നമുക്ക് പോകാമല്ലോ എന്ന് അങ്ങനെ പറയാൻ കാരണം തൻറെ കൊച്ചുമക്കളുടെ കൂടെ പുറത്തു പോയിട്ട് വളരെയധികം കഴിഞ്ഞിരുന്നു.

ആദ്യം അവൾ ഒരു വിദ്യാലയമുറ്റത്ത് ഇറക്കാം എന്ന് തീരുമാനിച്ചു പക്ഷേ അവിടെ എന്തോ ഒരു ഓർമ്മ അവളുടെ മനസ്സിനെ തളർത്തി തന്നെ സ്കൂളിൽ വിട്ട് പഠിപ്പിച്ചതും എന്നും അവളെ സ്കൂളിലേക്ക് തിരിച്ച് വീട്ടിലേക്കും എത്തിക്കുമായിരുന്ന മുത്തശ്ശിയെ കുറിച്ച് മുത്തശ്ശിയുടെ സ്നേഹത്തെക്കുറിച്ചും ഓർത്ത് അവിടെയും ഉപേക്ഷിക്കാൻ അവൾക്കായില്ല പിന്നീട് അവൾ തീരുമാനിച്ചു തന്റെ



ആ പഴയ വീട്ടിലേക്ക് കൊണ്ടുപോയി ആക്കാമെന്ന് ഇപ്പോൾ തന്റെ സ്വന്തം കാര്യം ചെയ്യാൻ മുത്തശ്ശിക്ക് കുഴപ്പമൊന്നുമില്ലല്ലോ

അവിടേക്ക് കൊണ്ടുപോയി ആക്കാം എന്ന് തീരുമാനിച്ചു അങ്ങനെ അവൾ ഓർക്കുമ്പോഴേക്കും പാവം മുത്തശ്ശി ആ വണ്ടിയിൽ അവളുടെ പുറകിൽ ഉണ്ടായിരുന്നു മുത്തശ്ശി ഒന്നും മിണ്ടാതെ വണ്ടിയിൽ സന്തോഷത്തോടെ ഇരിക്കുകയായിരുന്നു അവൾ മുത്തശ്ശിയെ തന്റെ പഴയ വീട്ടിൽ കൊണ്ടുപോയി പാർപ്പിച്ചു പിന്നീട് അവൾ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല


അങ്ങനെ ഒരുപാട് വർഷങ്ങൾക്കുശേഷം അവൾ ഒരു ദിവസം ഒരു സിനിമ കാണുകയായിരുന്നു അപ്പോൾ ആ സീനിൽ ഒരു മുത്തശ്ശിയുടെ കഥാപാത്രം അവൾ കണ്ടു ഒരു കുഞ്ഞിനെ സ്നേഹപൂർവ്വം നോക്കുന്ന ഒരു മുത്തശ്ശിയെ അപ്പോൾ അവൾക്ക് തന്റെ മുത്തശ്ശിയെ ഓർമ്മ വന്നു അവൾക്ക് താൻ ചെയ്യുന്ന കാര്യത്തിൽ സ്വയം അപമാനവും പശ്ചാത്തപവും തോന്നി അവൾ പ്രാക്ഷിതം ചെയ്യാൻ തീരുമാനിച്ചു അവൾ അങ്ങനെ മുത്തശ്ശിയെ കാണാൻ പോയി. അവിടെ ചെന്നപ്പോൾ ആണ് അറിഞ്ഞത് തന്റെ മുത്തശ്ശി മരിച്ചു എന്ന കാര്യം

വളരെ നാളായിട്ട് വയ്യാതെ കിടക്കുകയായിരുന്നു. മുത്തശ്ശി താൻ വയ്യാതെ കിടക്കുന്നത് ആരെയും അറിയിക്കേണ്ട എന്ന് പറഞ്ഞായിരുന്നു അതാണ് ആരെയും അറിയിക്കാതിരുന്നത് പിന്നെ ഞങ്ങൾക്ക് ഇവരുടെ ബന്ധുക്കളെ ആരെയും അറിയില്ലായിരുന്നു മോളെ ഞങ്ങൾക്ക് അറിയാമായിരുന്നു എങ്കിലും ഞങ്ങളോട് പറഞ്ഞു പറയണ്ട എന്ന് ഇതുകേട്ടപ്പോൾ അവളുടെ നെഞ്ച് വിങ്ങിപ്പൊട്ടി കരച്ചിൽ



അടക്കാൻ അവൾക്കായില്ല അങ്ങനെയിരിക്കുമ്പോൾ ആണ് ഒരു പ്രായമായ മനുഷ്യൻ വർഷയുടെ അടുത്തേക്ക് വന്നു എന്നിട്ട് പറഞ്ഞു നിങ്ങൾ ആ മരിച്ച മുത്തശ്ശിയുടെ ദത്ത് പുത്രി അല്ലേ എന്ന് അപ്പോൾ അവൾ പറഞ്ഞു ദത്ത് പുത്രിയോ ഇത് എൻറെ സ്വന്തം മുത്തശ്ശിയാണ് അപ്പോൾ ആ പ്രായമായ മനുഷ്യൻ പറഞ്ഞു അല്ല മോളെ നീ അവരുടെ സ്വന്തം പുത്രി അല്ല ദത്തുപുത്രിയാണ് അയാൾ അവളോട് ആ സംഭവം പറഞ്ഞു. ഒരിക്കൽ ഏതാണ്ട് 50 45 കൊല്ലം മുമ്പ് ഇവിടെ ഒരു ആക്സിഡൻറ് നടന്നു അപ്പോൾ മോളുടെ അമ്മയും അച്ഛനും മരിച്ചു. അപ്പോളാണ് മുത്തശ്ശി ഒരു പിഞ്ചു കുഞ്ഞിനെ കണ്ടത് അവൾക്ക് ആ ആ കുഞ്ഞിനെ കണ്ടപ്പോൾ നിസ്സഹായത തോന്നി പിന്നീട് അവർ തീരുമാനിച്ചു ഈ കുഞ്ഞിനെ നോക്കാൻ ഇനി ആരുമില്ല ഞാൻ നോക്കും ഈ കുഞ്ഞിനെ എന്ന് പറഞ്ഞ് എടുത്തു വളർത്തി തന്റെ ഒരു ജന്മം മുഴുവൻ സ്നേഹം കൊടുത്താണ് ആ മുത്തശ്ശി ആ കുഞ്ഞിനെ വളർത്തിയത് ആ കുഞ്ഞാണ് നീ എന്ന് ആ പ്രായമായ മനുഷ്യൻ വർഷയോട് പറഞ്ഞു. അപ്പോൾ അവൾ ആ ഞെട്ടിക്കുന്ന സംഭവം അറിഞ്ഞു സഹതാപം അവൾക്ക് അവളോട് തന്നെ തോന്നി. താൻ അനാഥയാണ് തനിക്ക് ഈ ലോകത്തിൽ ഇനി ആരുമില്ല അങ്ങനെ അവൾ പശ്ചാത്താപത്തോടെ ആ ജീവിതം തുടർന്നു

നമുക്ക് ഇതിൽനിന്ന് മനസ്സിലാവുന്ന കാര്യം കണ്ണുള്ളപ്പോൾ കണ്ണിൻറെ വില അറിയില്ല അതായത് മുത്തശ്ശി ഉള്ളപ്പോൾ വർഷ അവളുടെ സ്നേഹം അറിയാത്തതുപോലെ.



**ജോസി ജോമോൻ**
**10 A**

കവിത

# ശലഭങ്ങൾ

ലോകമെങ്ങും സ്വാതന്ത്ര്യം പരത്തുന്ന
പറവകൾ പൂത്തലഞ്ഞു നിൽക്കുന്ന
പൂവിനുള്ളിൽ തേൻ
നുകരുന്ന ശലഭങ്ങൾ സ്വാതന്ത്ര്യം
പുലർത്താനായി അവർ പറക്കുന്നു
ഈ ലോകമെങ്ങും
പറക്കുന്ന ശലഭങ്ങൾ മഴവില്ലിൻ നിറമായി
അവ ലോകമെങ്ങും പാറി നടക്കുന്നു
സന്തോഷവും സങ്കടവും
പല പല ഭാവങ്ങളും
പല പല അവസ്ഥകളും
പല പല കാഴ്ച്ചകളും എന്നിങ്ങനെ പലതും
കാണും ആ ദേശാടന പറവകൾ
ലോകമെങ്ങും പറക്കുന്ന പറവകൾ
ആണല്ലോ ശലഭങ്ങൾ

അഥീന മാത്യു
9 A



# ഇത് എന്റെ കഥ ഒരുപക്ഷേ നിങ്ങളുടെയും...

രക്തബന്ധത്തിന് ആണോ മനുഷ്യ ബന്ധത്തിന്നാണോ കൂടുതൽ ആഴമുള്ളത്. ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടാവും പുറത്ത് നല്ല മഴയാണ് കോരിച്ചൊരിയുന്ന മഴ ഇലകളിൽ നിന്നും ജലകണ്ണികൾ ഇട്ടിട്ടു വീഴുന്നത് കാണാൻ എന്ത് രസമാണ് ഞാൻ ജോസ് കുട്ടി എനിക്കിപ്പോൾ 74 വയസ്സാണ് എനിക്കൊരു ഭാര്യയുണ്ട് അവൾ ലീലാവതി ഞാൻ ലീല എന്ന് വിളിക്കും അവൾക്കും അതാണ് ഇഷ്ടം ഞങ്ങൾക്ക് മൂന്ന് മക്കൾ ജോസഫ്, ജോർജ്, റാണി ജോസഫ് റാണിയും അങ്ങ് ഫോറിനിലാണ് ജോർജ് എറണാകുളത്താണ് താമസിക്കുന്നത് മൂന്ന് മക്കൾ ഉണ്ടെന്ന് പറഞ്ഞിട്ടെന്താ ആരും ഇപ്പോൾ തിരിഞ്ഞു നോക്കുന്ന പോലുമില്ല.

" മനുഷ്യ ദേ ഫോൺ അടിക്കുന്നു ഒന്നു പോയി എടുത്തേ " . ലീല അടുക്കളയിൽ നിന്നും വിളിച്ചുപറഞ്ഞു ഞാൻ പോയി ഫോൺ എടുത്തു അത് മൂത്തമകൻ ഇത്തവണയും ക്രിസ്മസിന് വീട്ടിൽ വരാൻ പറ്റില്ല എന്നും പറയാനായിരുന്നു ആ വിളി. " ആരാ വിളിച്ചേ" ലീല അടുക്കളയിൽ നിന്നു ചോദിച്ചു ഞാൻ പറഞ്ഞു ജോസഫ് ആണെന്ന് " എന്നിട്ട് അവൻ എന്താ പറഞ്ഞേ ഇത്തവണ ക്രിസ്തുമസിന് വരുമായിരിക്കും അല്ലേ!" വലിയ പ്രതീക്ഷയോടെ ചോദിച്ചു ഞാൻ പറഞ്ഞു ഇത്തവണയും ലീവ് കിട്ടിയില്ലെടി അതുകൊണ്ടാണ് അവൻ വരുന്നില്ല എന്ന് വിളിച്ചു പറഞ്ഞത് പെട്ടെന്ന് പുഞ്ചിരി നിറഞ്ഞ ലീലായുടെ മുഖത്ത് പെട്ടെന്ന് ഇരുണ്ട കാർമേഘങ്ങൾ പോലെ സങ്കടം തിങ്ങിനിറഞ്ഞു പിന്നീട് അവ ചാറ്റൽ മഴ പോലെ കണ്ണിൽ നിന്നും പെയ്തിറങ്ങാൻ തുടങ്ങി

അങ്ങനെ ഒരു ദിവസം സായം സന്ധിയായിരിക്കെ പെട്ടെന്ന് ഫോൺ അടിക്കുന്നത് അത് റാണിയായിരുന്നു ഫോൺ എടുത്തു ഫോൺ എടുത്തു അപ്പോഴാണ് അവൾ പറഞ്ഞത് " കുട്ടികൾക്ക് സ്കൂളിൽ ഒത്തിരി അധികം പഠിക്കുവൻ ഉണ്ട്"അതുകൊണ്ട് ഇത്തവണയും വരവ് നടക്കുല പെട്ടെന്ന് എന്റെ ഹൃദയത്തിൽ എന്തോ




ആളുന്നതുപോലെ ഞാനും ലീലയും ഒക്കെ സങ്കടത്തിൽ ആയിരുന്നു പണ്ട് കുട്ടിക്കാലത്ത് ഒരു കുറവും കുറവ് പോലും വരുത്താതെ വളർത്തിയ മകൾ ഇപ്പോൾ വലുതായപ്പോൾ ജോലിയുടെ പിറകെ ഇത്രയും കാലം നോക്കി വളർത്തിയ മാതാപിതാക്കളെ തിരിഞ്ഞു നോക്കാതെയായി

വർഷങ്ങൾക്കു മുമ്പ് ജോസഫ് ജോർജും റാണിയും

കുഞ്ഞായിരിക്കുമ്പോൾ അവർക്ക് ഒരു ഒരു ചെറിയ പനി വന്നാൽ പോലും ഉറക്കം കളഞ്ഞ എത്ര രാത്രികൾ അവരോടൊപ്പം ഇരുന്നിട്ടുണ്ട് അതുകഴിഞ്ഞ് വലുതായപ്പോൾ അവരുടെ പഠനാവശ്യങ്ങൾക്ക്




രാത്രിയും പകലും എന്നില്ലാതെ അവരോടൊപ്പം ഉറക്കം കളഞ്ഞ് ഇരുന്നിട്ടുണ്ട് ഇപ്പോൾ ആർക്കും വേണ്ടാതായി എന്നല്ലാതെ ഞങ്ങളെക്കൊണ്ട് ആർക്കും ഒരു ഉപയോഗവും ഇല്ലാതെയായി അങ്ങനെ പതുക്കെ ചാരുകസേരയിൽ ഇരുന്ന് ഞാൻ ഉറക്കത്തിലേക്ക് വഴുതി വീഴുകയായിരുന്നു പുറത്ത് നല്ല മഴയായിരുന്നു അതുകൊണ്ടുതന്നെ ആ കുളിർമഴയിൽ ഞാൻ എല്ലാം മറന്ന് മയങ്ങി വീണിരുന്നു


ഞാൻ വേറെ ഏതോ ലോകത്തിലേക്ക് പോയി മക്കളും കൊച്ചുമക്കളും എല്ലാം ഒപ്പം കളിച്ചും ചിരിച്ചും ഈ ചെറിയ വീട്ടിൽ കഴിയുന്നത് എല്ലാവരും സ്നേഹത്തോടെയും സന്തോഷത്തോടെയും കഴിഞ്ഞുപോകുന്നു എല്ലാവരും പരസ്പരം സ്നേഹത്തിൽ ജീവിക്കുന്നു പെട്ടെന്ന് ലീല ഓടിവന്നു " ദേ മനുഷ്യ ജോർജ് ആണ് വിളിക്കുന്നത് " ഞാൻ ഞെട്ടി ഉണർന്നു ഞാൻ ഫോൺ എടുത്തു അവൻ കരഞ്ഞുകൊണ്ട് പറഞ്ഞു റോസി മോൾക്ക് ഫിക്സ് രോഗം പിടിച്ചിരിക്കുന്നു അപ്പച്ചനും അമ്മച്ചിയും ഇങ്ങോട്ട് വരണം സങ്കടപ്പെടേണ്ട ഞങ്ങൾ അങ്ങോട്ട് വന്നേക്കാം

ഞാൻ ഇത് ലീലയോട് പറഞ്ഞു തന്റെ കൊച്ചുമകൾക്ക് രോഗം പിടിച്ചെന്ന് കേട്ടപ്പോൾ അവൾ വാചാലയായി " നമുക്ക് പെട്ടെന്ന് അങ്ങോട്ട് പോകാം! അവൾ പറഞ്ഞു

ഞങ്ങൾ ജോർജിന്റെ വീട്ടിലേക്ക് പോയി നിമിഷങ്ങൾ മണിക്കൂറുകളായും കടന്നുപോയി ഒരു ദിവസം പെട്ടെന്ന് ജോർജും ജോസഫും വന്നു അവർ ഞങ്ങളെ കെട്ടിപ്പിടിച്ചു കൂടെ റാണിയും കൊച്ചുമക്കളും മരുമക്കളും അവർ കരഞ്ഞുകൊണ്ട് അപ്പച്ചാ അമ്മച്ചി ഞങ്ങൾ വലിയ തെറ്റാണ് ചെയ്തത് ഞങ്ങളോട് ക്ഷമിക്കണം


" അപ്പച്ചാ, അപ്പച്ചനും അമ്മച്ചിയും കാരണമാണ് റോസി മോളെ ഞങ്ങൾക്ക് തിരിച്ചു കിട്ടിയത്," ജോർജ് പറഞ്ഞു അപ്പച്ചാ ഞങ്ങൾ ഫോറിനിൽ നിന്നും ജോലി റിസൈൻ ചെയ്ത് നാട്ടിലേക്ക് വന്നത് ഇനി ഒരു തിരിച്ചു പോക്കില്ല ഞങ്ങൾ എന്നും അപ്പച്ചന്റെയും അമ്മച്ചിയുടെ കൂടെ കാണും റാണി പറഞ്ഞു

എവിടെയോ സ്നേഹത്തിന്റെയും കരുതലിന്റെയും നാമ്പുകൾ പൊട്ടിമുളയ്ക്കാൻ തുടങ്ങുന്നു രക്തബന്ധമാണ് ആണല്ലോ മനുഷ്യബന്ധങ്ങൾക്ക് കാരണമാകുന്നത് ഞാനും ലീലയും വീണ്ടും കുറേ പ്രതീക്ഷകളോടെ......



**മിന്ന ആൻ നിജോയ്**
9 A

കവിത



# ചുമ

ഒരു നാളിൽ വന്നൊരു വയ്യാഴിക
വെച്ചു നീട്ടിയത് പട്ടിണി മാത്രം
മക്കളെ പോറ്റുവാൻ വയ്യാതെ
കിടക്കയിൽ തന്നെ തളച്ചൊരു
കുര കാണാ ദുഃഖമായി
മാറിയ ചുമ തുപ്പിയ
രക്തപ്പാടു മാത്രം.




ആദിത്യ ശങ്കരി ബാബു
9 A



# Wonderful Nature

Oh wonderful nature
I wonder how beautiful you look
with green trees and bees,
Amazing butterflies and birds
make me more happy
The sunrise with
its bleaming glory,
The stars were twinkling
The moon were shining
Oh, nature, you make me more happy
and you are so beautiful



**Aleesha Sony**
**9 A**




**Digital Magazine by Little Kites Club: 2022-25 Batch**